# കെ. പി. കേശവമേനോൻ

## 'മഹത്വം' എന്നു വിളിക്കാവുന്ന ആ ഏതോ ഒന്നുകൊണ്ടു് അനുഗൃഹീതരായി ഇന്നു ജീവിച്ചിരിക്കുന്ന ഭാരതീയരിൽ ഒരാളാണു് അദ്ദേഹം

**എൻ. വി. കൃഷ്ണവാരിയർ**

1–ാംതീയതി റേഡിയോവിൽ ഒരു പ്രസംഗം റിക്കാർഡു്ചെയ്യൽ, 2–ാംതീയതി ഇന്ത്യൻ പ്രധാനമന്ത്രിക്കു് 'മാതൃഭൂമി'യിൽ സ്വീകരണവും, നഗരത്തിൽ പ്രധാനമന്ത്രിയുടെ വിവിധപരിപാടികളും; 6–ാംതീയതി റോട്ടറിക്ലബ്ബു്യോഗം; 7–ാംതീയതി റേഡിയോവിൽ ഒരു പ്രസംഗം റിക്കാർഡു്ചെയ്യൽ; 9–ാംതീയതി വിമൻസു് അസോസ്യേഷന്റെവക ഡിന്നർ; 10–ാംതീയതി മലബാർ ടെമ്പിൾ ഇംപ്രൂവ്മെൻറു് കമ്മററിയുടെ ഒരു യോഗം; 11–ാംതീയതി രാവിലെ പ്രൊഡക്ടിവിററി കൗൺസിൽ സംഘടിപ്പിച്ച മാനേജു്മെൻറു് കോഴു്സിൻെറ ഉൽഘാടനം; അന്നു വൈകുന്നേരം കോഴിക്കോട്ടു് കോർപ്പൊറേഷൻെറ ശതാബ്ദാഘോഷക്കമ്മററിയോഗം; 13–ാംതീയതി റോട്ടറിക്ലബ്ബു് യോഗം; 14–ാംതീയതി റയിൽവേ സ്റ്റേഷൻമാസ്റ്ററുടെ യാത്രയയപ്പുയോഗം; 15–ാംതീയതി പാലക്കാട്ടേക്കു യാത്രയും, അവിടെ റോട്ടറിക്ലബ്ബു് സ്ഥാപനയോഗവും; 16–ാംതീയതി കോഴിക്കോട്ടേക്കു യാത്ര; 20–ാംതീയതി റോട്ടറിക്ലബ്ബു്യോഗം; 22–ാംതീയതി കോപ്പൊറേഷൻ ശതാബ്ദാഘോഷക്കമ്മിററിയോഗം; 24–ാംതീയതി ഹിന്ദി ട്രെയ്നിംഗ് കോളേജു് ഉൽഘാടനയോഗം; 25–ാംതീയതി കോപ്പൊറേഷൻ ശതാബ്ദാഘോഷക്കമ്മിററിയോഗം; 26–ാംതീയതി റേഡിയോസ്റ്റേഷനിൽ ഒരു പ്രസംഗം റിക്കാർഡു്ചെയ്യൽ; 27–ാംതീയതി റോട്ടറിക്ലബ്ബു് യോഗം; 29–ാംതീയതി പ്രോവിഡൻസ് വിമൻസു് കോളേജു് യൂണിയൻ ഉൽഘാടനം; അന്നുതന്നെ കോപ്പൊറേഷൻ ശതാബ്ദാഘോഷക്കമ്മിററിയോഗം; 30–ാംതീയതി ഹോസ്പിററൽ അമെനിററീസു് ഫണ്ടു് അസോസിയേഷൻയോഗം; അന്നുതന്നെ ഇൻഡോ–ജർമ്മൻ അസോസിയേഷൻെറ വക ഒരു വിശിഷ്ടാതിഥിക്കു സൽക്കാരം; 31–ാംതീയതി തിരൂർ തുഞ്ചൻസ്മാരകത്തിൻെറ മാനേജു്മെൻറു്കമ്മിററിയോഗം.

ശ്രീ കെ. പി. കേശവമേനോൻെറ മേശപ്പുറത്തുള്ള ടേബിൾ കലണ്ടറിൽ 1966 ജൂലൈമാസത്തിലെ പേജുകളിൽ രേഖപ്പെടുത്തിയിട്ടുള്ള എൻഗേജു്മെൻറുകളാണിവ. ഈ സെപ്റ്റംബർ 16–ാംതീയതി എൺപത്തൊന്നാം വയസ്സിലേക്കു പ്രവേശിക്കുന്ന ഒരാളുടെ എൻഗേജു്മെൻറുകളാണിവയെന്നും, ഇവയിലെല്ലാം സന്ദർശകനായിട്ടല്ല, ഏറെക്കുറെ മുഖ്യകഥാപാത്രമായിട്ടുതന്നെയാണു് അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടുള്ളതെന്നും 'മാതൃഭൂമി'ആഫീസിൽ രാവിലേയും വൈകുന്നേരവും കൃത്യസമയത്തു സന്നിഹിതനാകുന്നതിനും, എത്രയോ കത്തുകൾ വായിച്ചുകേട്ടു് മറുപടി പറഞ്ഞുകൊടുത്തെഴുതിക്കുന്നതിനും, മാതൃഭൂമി ദിനപ്പത്രത്തിലെ 'നാം മുന്നോട്ടു്'എന്ന പംക്തി മുടക്കാതെ

---

വലിയവൃത്തങ്ങളിലുള്ള കവിതകളിലും ആശ്ചര്യകരമായി ഓളംവെട്ടുന്നുണ്ടു്. അവ വായിക്കുന്നതു്—തരമുണ്ടെങ്കിൽ ഉറക്കെ വായിക്കുന്നതു്—വളരെ ഉന്മേഷപ്രദവും ഉത്തേജകവും ആയിരിക്കും. ഇന്നത്തെ മലയാളകവിതയുടെ 'പോക്കും നാക്കും' തികച്ചും ഒരു കഴിഞ്ഞതലമുറക്കാരനായ ഈ കവിയുടെ കൃതികളിൽ കണ്ടില്ലെങ്കിൽ അത്ഭുതമില്ല. ഓരോന്നിനേയും അതിൻെറ സ്ഥാനത്തും കാലത്തും വെച്ചുകൊണ്ടു്, ആദരിക്കാനും ആസ്വദിക്കാനും മുതിരുന്നതായിരിക്കും ശരിയും യുക്തവുമെന്നു തോന്നുന്നു. അതെന്തായാലും, ഗവേഷണപരവും ഭാഷാചരിത്രപരവും സാഹിത്യാഭിവൃദ്ധിസൂചകവുമായ മാന്യസ്ഥാനം ഈ കവിതകൾക്കുണ്ടെന്നു പറയാതെ തരമില്ല. സാഹിത്യപ്രേമികൾക്കും സഹൃദയലോകത്തിനു മുഴുവനും, ഈ പ്രസിദ്ധീകരണം സ്വാഗതാർഹമായിരിക്കുമെന്നും, അവർക്കതിൽ പ്രമോദവും, പ്രയോജനവും അനുഭവപ്പെടുമെന്നുമാണു് ഞാൻ വിശ്വസിക്കുന്നതു്.

തുടരുന്നതിനും, 'നവഭാരതശില്പികൾ' എന്ന ലഘുജീവചരിത്രസമാഹാരത്തിന്റെ മൂന്നാം വാല്യത്തിലേക്ക് ഏതാനും ജീവചരിത്രങ്ങൾ രചിക്കുന്നതിനും, 'ജവാഹർലാൽ നെഹ്റു' എന്ന ബൃഹജ്ജീവചരിത്രഗ്രന്ഥത്തിന്റെ അച്ചടിയുടെ മേൽനോട്ടം വഹിക്കുന്നതിനും, ദിവസേന വളരെയധികം സന്ദർശകരെ സ്വീകരിച്ച് സംസാരിച്ച് തൃപ്തരാക്കി അയയ്ക്കുന്നതിനും, ഏതാനും പുസ്തകങ്ങൾ നിയമമായി വായിക്കുന്നതിനും ഈ എൻഗേജ്മെന്റുകൾ അദ്ദേഹത്തിനു തടസ്സമായിട്ടില്ലെന്നുംകൂടി ഓർക്കുക.

ജൂലൈ ഒരു അസാധാരണമാസമല്ല. ഏറെക്കുറെ എല്ലാ മാസവും ഇത്രയോ ഇതിലധികമോ എൻഗേജ്മെന്റുകൾ അദ്ദേഹത്തിനുണ്ട്. തയ്യാറെടുക്കാതെ പോകത്തക്കവണ്ണം നിസ്സാരമാണ് ഇതിൽ ഏതെങ്കിലുമൊന്നെന്ന് അദ്ദേഹം കരുതുന്നില്ല. പെൺകുട്ടികളുടെ ഹൈസ്കൂളിലെ ഒരു യോഗമാണെങ്കിൽ, അതിനു പോകുംമുമ്പ് അദ്ദേഹം സ്ത്രീവിദ്യാഭ്യാസത്തെപ്പറ്റി കോഠാരിക്കമ്മീഷൻ പറയുന്നതെന്തെന്നു വായിച്ചുകേൾക്കും. മാനേജ്മെന്റ്കോഴ്സ് ഉദ്ഘാടനത്തിനു മുമ്പ്, ബിസിനസ്സ്രംഗത്തിലെ പുതിയ പ്രവണതകളെപ്പറ്റി നാലോ അഞ്ചോ പുസ്തകമെങ്കിലും പരതിയിട്ടുണ്ടാവും. കർമ്മനിരതമായ ഒരു ദീർഘജീവിതത്തിൽ സഞ്ചയിച്ചതും, അത്ഭുതാവഹമായ ഓർമ്മശക്തിയുപയോഗിച്ച് സംരക്ഷിക്കുന്നതുമായ ബഹുമുഖവിജ്ഞാനത്തിലേക്ക് അങ്ങനെ പുതിയ സംഭാവനകൾ നൽകിയാലേ അദ്ദേഹത്തിനു തൃപ്തിയുള്ളൂ. എന്തിനെപ്പറ്റിയായാലും പുതിയതു് എന്തെങ്കിലുമൊന്ന് അദ്ദേഹത്തിനു പറയാനുണ്ട്; പറയുന്നതോ, സ്വന്തം അനുഭവത്തിൽ പുടപാകംചെയ്ത്, സ്വാംശീകരിച്ച്, തന്റെ ഏതെങ്കിലും അനുഭവം വിവരിക്കുംപോലെ സരളവും അനായാസവുമായും!

ശ്രീ കേശവമേനോന്റെ ജീവിതം മലർക്കേ തുറന്നുവെച്ച ഒരു പുസ്തകമാണ്. മലയാളത്തിലെ ആത്മകഥകളിൽ പ്രഥമപരിഗണനീയമായ 'കഴിഞ്ഞകാലം' ആ ജീവിതത്തിലേക്ക് ഏതൊരു മലയാളിക്കും പ്രവേശം നൽകുന്നു. എന്നാൽ, അതിലൂടെയല്ലാതെ നേരിട്ടും അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളവർ നിരവധിയാണ്. ആർക്കും അദ്ദേഹത്തെ കണ്ട് എന്തും ചോദിക്കാം. അവിടെ ഒന്നും മറച്ചുവെയ്ക്കലില്ല.

കേരളത്തിന്റെ രാഷ്ട്രീയനവോത്ഥാനത്തിൽ അദ്ദേഹം വഹിച്ച പങ്ക് അറിയാത്തവരുണ്ടാവില്ല. ഐക്യകേരളത്തിന്റെ ശില്പികളിൽ പ്രമുഖൻ അദ്ദേഹമാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന വൈക്കം സത്യാഗ്രഹം ഇവിടത്തെ സാമൂഹ്യപരിവർത്തനത്തിന്നു നൽകിയ സംഭാവന ഏവർക്കും അറിയാം. 'മാതൃഭൂമി'യുടെ സ്ഥാപനവും നിയന്ത്രണവുംവഴി നമ്മുടെ പത്രപ്രവർത്തനത്തിന്നും സാഹിത്യത്തിന്നും അദ്ദേഹംനല്കിയ സേവനവും വിശേഷിച്ച് പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. ഒരു നയതന്ത്രപ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനം സുവിദിതമാണ്. ലാജ്പത്റായിയുടെ ജീവചരിത്രം (1913)മുതൽ നവഭാരതശില്പികൾ രണ്ടാം വാല്യം (1966) വരെ പലകാലങ്ങളിലായി അദ്ദേഹം രചിച്ചിട്ടുള്ള കൃതികളിൽ, മലയാളത്തിന്റെ ശാശ്വതസമ്പത്തായി പരിഗണിക്കപ്പെടുന്ന ഒരു ഡസൻ ഗ്രന്ഥങ്ങളെങ്കിലുമുണ്ടാകുമെന്നതു തീർച്ചയാണ്.

ശ്രീ കേശവമേനോന്റെ നാനാമുഖങ്ങളായ പ്രവർത്തനങ്ങളേയും നേട്ടങ്ങളേയും പറ്റി മനസ്സിലാക്കുക പ്രയാസമുള്ള കാര്യമല്ല. എന്നാൽ, അദ്ദേഹത്തിന്റെ സമ്പന്നമായ വ്യക്തിത്വത്തെപ്പറ്റി എന്തെങ്കിലുമൊരു ബോധം ഉണ്ടാകണമെങ്കിൽ അദ്ദേഹത്തെ അടുത്തറിയുകതന്നെവേണം. ആ വിശാലവീക്ഷണവും മനുഷ്യവർഗ്ഗത്തെ മുഴുവൻ ഉൾക്കൊള്ളാൻതക്ക അഗാധതയുള്ള കാരുണ്യവും, എതിരഭിപ്രായങ്ങളെ പൊറുപ്പിക്കാൻ മാത്രമല്ല പ്രോത്സാഹിപ്പിക്കാൻകൂടി തയ്യാറായ സഹിഷ്ണുതയും, ഏതാപത്തിലും മങ്ങാത്ത ശുഭപ്രതീക്ഷാശീലവും അനുഭവംകൊണ്ടുമാത്രം അറിയാവുന്നവയാണ്. 'മഹത്വം' എന്നു വിളിക്കാവുന്ന ആ ഏതോ ഒന്നുകൊണ്ട് അനുഗൃഹീതരായി ഇന്നു ജീവിച്ചിരിക്കുന്ന ഭാരതീയരിൽ അദ്ദേഹം തീർച്ചയായും ഒരാളാണ്.

അദ്ദേഹത്തിന്റെ സേവനം ഇനിയുമെത്രയോ വർഷങ്ങളോളം ഇന്ത്യയ്ക്കു തുടർന്നു ലഭിക്കുമാറാകട്ടെ!